കെട്ടിടനിർമ്മാണത്തിന് 4.30 കോടി രൂപായും റോഡുകളുടെ പാലങ്ങളു പണിയുന്നതിന് 3.30 കോടി രൂപായും ബഡ്ജറിൽ വകകണ്ടിട്ടുണ്ട്.

വിദ്യാഭ്യാസം

ഇതര ഇൻഡ്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ വിദ്യാഭ്യാസത്തിനുള്ള പ്രതിശീർഷ ചെലവ് ഏറ്റവും കൂടുതലാണ്. അഖിലേൻഡ്യാതലത്തിൽ 11.08 രൂപയ്ക്കെതിരെ 1968–69–ൽ കേരളത്തിൽ ഇത് 22.86 രൂപയായിരുന്നു. 6 മുതൽ 11 വയസ്സുവരെയുള്ള പ്രായപരിധിയിൽപ്പെട്ട കുട്ടികളിൽ 100 ശതമാനവും സ്ക്കൂൾ പ്രവേശനം ലഭിച്ചുകഴിഞ്ഞു. 11 മുതൽ 16 വയസ്സുവരെ പ്രായപരിധിയിൽപ്പെട്ടവരിൽ 60 ശതമാനവും സ്ക്കൂളുകളിൽ പോകുന്നുണ്ട്.

വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽനിന്നും വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് ഉയർത്തുന്ന കാര്യത്തിലേക്ക് ശ്രദ്ധ തിരിച്ചു വിടേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കെട്ടിടങ്ങളും, കളിസ്ഥലങ്ങളും, ശാസ്ത്രോപകരണങ്ങളും മുതലായ പഠന സൌകര്യങ്ങൾക്കുള്ള ഗുരുതരമായ ദൌർലഭ്യം പടിപടിയായി നികത്തേണ്ടിയിരിക്കുന്നു. ഇതിന് ഭീമമായ മുതൽ മുടക്കു വേണ്ടിവരുമെന്നിരിക്കലും ഇത് വളരെ ഉയർന്ന മുൻഗണന അർഹിക്കുന്ന കാര്യമാണ്. സാമ്പത്തിക പരാധീനതകളുടെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടാണെങ്കിലും ഗവൺമെൻറ് കഴിയുന്നത്ര തുക ഇതിന് വേണ്ടി നീക്കി വയ്ക്കുന്നുണ്ട്. സ്ക്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനു സമഗ്രവും ക്രമാനുഗതവുമായ ഒരു പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സ്ക്കൂളുകളിലെ ശാസ്ത്ര വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ട്. ഇതിലേക്കായി പാഠ്യപദ്ധതി പുതുക്കിക്കഴിഞ്ഞിരിക്കുകയാണ്. ശാസ്ത്ര പഠനത്തിന് മുൻതൂക്കം നൽകിക്കൊണ്ട് 220 ദിവസം നീണ്ടു നിൽക്കുന്ന പുതിയ പഠനക്രമം 1970–71 അദ്ധ്യയന വർഷം തൊട്ടു ഒന്നു മുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളിൽ പ്രയോഗത്തിൽ വരുത്തുന്നതാണ്. ദേശീയവിദ്യാഭ്യാസകമ്മീഷൻ മുന്നോട്ടു വച്ചിട്ടുള്ള പ്രയോജനപ്രദമായ മറ്റു ചില നിർദ്ദേശങ്ങളും ഗവൺമ്മെൻറു പരിശോധിച്ചു വേണ്ട നടപടികളും എടുക്കുന്നതാണ്. അതിൻ പ്രകാരം പരീക്ഷാസമ്പ്രദായം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും നടന്നു കൊണ്ടിരിക്കുന്നു. പാഠപുസ്തകങ്ങളും പരിഷ്ക്കരിക്കുന്നതിനു പുറമേ, വിദ്യാഭ്യാസം സോദ്ദേശകമാക്കിത്തീർക്കുന്നതിന് സ്ക്കൂളുകളിൽ തൊഴിൽ പരിചയപദ്ധതിപോലുള്ള പുതിയ പരിപാടികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

അദ്ധ്യയനവിഷയത്തിൽ വരുത്തിയിട്ടുള്ള പുതിയ കാൽവയ്പിന്നനുസരണമായി വിദ്യാഭ്യാസവകുപ്പിന്റെ ഭരണസംവിധാനത്തിലും മാറ്റങ്ങളും വേണ്ടിവന്നിരിക്കുകയാണ്. ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിലാഷങ്ങളും മാനിച്ചും ഇതിലേക്കായി നിയമിക്കപ്പെട്ട സ്പെഷ്യൽ ഓഫീസറുടെ ശുപാർശകളെ കണക്കിലെടുത്തുകൊണ്ട് ഈ ഡിപ്പാർട്ടുമെൻറിന്റെ മേഖലാ ഓഫീസുകളും നിർത്തലാക്കി, പകരം ജില്ലാടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഓഫീസുകളും രൂപീകരിച്ചുകൊണ്ടുള്ള ഒരു പുന:സംവിധാന പദ്ധതി ഗവൺമെൻറ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഈ പുന:സംവിധാനം കൊണ്ട് ഇൻസ്പെക്റ്റിംഗ് ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഭരണപരമായ ചുമതലകളിൽ നിന്നും മോചനം ലഭിക്കുന്നതിനും, തദ്വാരാ വിദ്യാലയങ്ങളുടെ പ്രവർത്തനത്തിലും പഠനക്രമത്തിലും നിഷ്കർഷയോടെ ശ്രദ്ധിക്കുവാനും ഉയർന്ന അദ്ധ്യയന നിലവാരം പുലർത്തുന്നതിൽ കൂടുതൽ ജാഗ്രത ചെലുത്തുന്നതിനും സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാലവർഷംരാഭത്തോടുകൂടിയാണ് സ്ക്കൂളുകളും മദ്ധ്യവേനൽ അവധി കഴിഞ്ഞു തുറക്കാറുള്ളത്. മിക്കവാറും എല്ലാവർഷവും അങ്ങിങ്ങായി ചില ഷെഡ്ഡുകളും ജീർണ്ണിച്ച സ്ക്കൂൾകെട്ടിടങ്ങളും അദ്ധ്യയനസമയത്തു ഇടിഞ്ഞു വീണു കുട്ടികൾക്ക് അംഗഭംഗമോ ജീവാപായമോ ഉണ്ടാകുന്ന നിർഭാഗ്യകരമായ അവസ്ഥാവിശേഷമാണ് ഇന്നുള്ളത്. അതുകൊണ്ട് 1970–71 മുതൽ വർഷകാലത്ത്, അതായത് ജൂൺ മാസത്തിലെ അവസാനത്തെ പത്തു ദിവസവും ജൂലൈമാസവും മുഴുവനും ഒഴിവ് ലഭിക്കത്തക്കവിധം സ്ക്കൂൾ വർഷത്തിൽ മാറ്റം വരുത്തുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

പാർട്ടൈം അദ്ധ്യാപകരുടെ തസ്തികകളെ ഫുൾടൈം, തസ്തികകളാക്കി പടിപടിയായി മാറ്റുന്നതിന് ഗവൺമ്മെൻറ് തീരുമാനിച്ചുകഴിഞ്ഞു.

ശമ്പളസ്കെയിലുകളിൽ തുല്യത നേരിട്ടു ശമ്പളം നൽകൽ, പെൻഷൻ ആനുകൂല്യങ്ങൾ മുതലായ സഹകാര്യകോളേജ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ ഗവൺമെൻറിന്റെ സജീവ ശ്രദ്ധയിലുണ്ട്.

സർവ്വകലാശാല വിദ്യാഭ്യാസരംഗത്ത് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന സംഭവം അടുത്ത വർഷം മൂന്നാമതു ഒരു സർവ്വകലാശാല എറണാകുളത്തുള്ള തൃക്കാക്കരയിൽ സ്ഥാപിക്കുന്നു എന്നതാണ്. സാമ്പത്തികസ്ഥിതി അനുവദിക്കുകയാണെങ്കിൽ ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഇൻഡ്യാ ഗവൺമ്മെൻറ് ഉപദേശിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുവാൻ പോകുന്ന സർവ്വകലാശാലയുടെ മൂലകേന്ദ്രം ഇപ്പോഴുള്ള യൂണിവേഴ്സിറ്റി സെൻററിൽ തന്നെ സ്ഥാപിക്കുന്നതുകൊണ്ട് ഇതിലേക്കായി വളരെയധികം മുതൽമുടക്കു പ്രാരംഭമായി വേണ്ടിവരുന്നില്ല. കേരള സർവ്വകലാശാലയ്ക്കു ഗ്രാൻറ് നൽകുന്നതിനു വകയിരുത്തിയിട്ടുള്ള തുകയിൽ പുതിയ സർവ്വകലാശാല ആരംഭിക്കുവാനായി വേണ്ടിവരുന്ന പ്രാരംഭ ചിലവുകൾക്കുള്ള തുകയും ചേർത്തിട്ടുണ്ട്. സ്ഥലമെടുപ്പ് സംബന്ധിച്ചുള്ള ചെലവുകൾക്കായി കേരള സർവ്വകലാശാലയ്ക്കു സാധാരണയുള്ള ബ്ളോക്കു ഗ്രാൻറിനു പുറമേ 27 ലക്ഷം രൂപയുടെ ഒരു സ്പെഷ്യൽ ഗ്രാൻറും നൽകുന്നതാണ്.

മലയാളത്തിൽ പാഠപുസ്തകങ്ങൾ, ശബ്ദാവലികൾ, റഫറൻസ് പുസ്തകങ്ങൾ എന്നിവയുടെ രചന നടന്നുകൊണ്ടിരിക്കുകയാണ്. ഈ ജോലി ഏൽപ്പിച്ചിരുന്ന സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നാലു വിഷയങ്ങളിലുള്ള ശബ്ദാവലികൾ ഇതിനകം തയ്യാക്കികഴിഞ്ഞിട്ടുണ്ട്. സർവ്വകലാശാല തലത്തിൽ ബോധന മാദ്ധ്യമം മലയാളമാക്കുന്നതിനുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതിനു വേണ്ടി ബഡ്ജറ്റിൽ 1970–71–ലെ ബഡ്ജറ്റിൽ 15 ലക്ഷം രൂപ വക കൊള്ളിച്ചിരിക്കുന്നു. ഈ തുക തികയാതെ വരികയാണെങ്കിൽ അധികമായി വേണ്ടിവരുന്ന തുക നൽകുന്നതിന് വേണ്ട നടപടികൾ വർഷാവസാനത്തിനു മുമ്പായി തന്നെ സ്വീകരിക്കുന്നതാണ്. മറ്റുതരത്തിൽ പറഞ്ഞാൽ പണത്തിന്റെ അഭാവം ഈ ജോലിയെ യാതൊരു തരത്തിലും വിഘ്നപ്പെടുത്തുന്നതല്ല. ഈ കാര്യം പരാമർശിക്കുന്നതോടൊപ്പം മലയാള ലിപി പരിഷ്ക്കരിക്കുന്നതു സംബന്ധിച്ചുള്ള ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നുകൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇതിലേക്കാവശ്യമായിവരുന്ന ചെലവുകൾക്കായി ഒരു ലക്ഷം രൂപ 1970–71–ലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനായി ഒരു കോടി രൂപ വിലവരുന്ന ഒരു പ്രസ്സ് വാങ്ങുന്നതിന് ജർമ്മൻ ജനാധിപത്യ റിപ്പബ്ളിക്കിൽ നിന്നുള്ള ഒരു ഓഫർ നാം സ്വീകരിച്ചിട്ടുണ്ട്. പതിനഞ്ചു പ്രസ്സുകൾക്ക് ഒരുമിച്ചു ഓർഡർ ഇൻഡ്യാഗവൺമ്മെൻറ് നൽകുന്നതിനാൽ നമുക്ക് വിലയിൽ സാരമായ സൌജന്യം ലഭിയ്ക്കാനിടയുണ്ട്. എന്തായാലും പ്രസ്സു ലഭിക്കുമ്പോൾ നാം 15 ലക്ഷം രൂപ മാത്രമേ 1970–71–ൽ കൊടുക്കേണ്ടി വരി

LIBRARY ARCHIVES Kerala Legislative Assembly

യുള്ളു. വിലയിൽ ബാക്കിവരുന്ന തുക എട്ടു കൊല്ലങ്ങൾക്കകം കൊടുത്താൽ മതിയാകും.

സാങ്കേതിക വിദ്യാഭ്യാസത്തെ സംബന്ധിച്ചാണെങ്കിലും പ്രവേശനം വിപുലപ്പെടുത്തുന്നതിനുപകരം പഠനസമ്പ്രദായത്തിൽ ഉയർന്ന മാനദണ്ഡം പുലർത്തുക എന്നുള്ളതിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. എൻജിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും ആവശ്യമായി വരുന്ന ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി ഗണ്യമായ തുകകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. തൃശൂർ എൻജിനീയറിംഗ് കോളേജിൽ ബിരുദാനന്തരപഠനം തുടങ്ങുന്നതിലേയ്ക്കായി 1970–71–ലെ ബഡ്ജറ്റിൽ 6.5 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. അതുപോലെതന്നെ തിരുവനന്തപുരം എൻജിനിയറിംഗ് കോളേജിലെ ബിരുദാനന്തരപഠന വിഭാഗം വികസിപ്പിക്കുന്നതിനു വേണ്ടിയും തുക കൊള്ളിച്ചിട്ടുണ്ട്.

1970–71–ലെ ബഡ്ജറ്റിൽ സാംസ്ക്കാരിക പരിപാടികൾക്കും, കൂടുതൽ വിഹിതം നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട ചലച്ചിത്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോൽസാഹനാർത്ഥം വർഷം തോറും ഏറ്റവും നല്ല രണ്ട് മലയാള ചിത്രങ്ങൾക്ക് സമ്മാനങ്ങൾ നൽകാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 1970–71 മുതൽ സംഗീത നാടക അക്കാഡമിക്കുള്ള ഗ്രാൻറ് 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആശാൻ മെമ്മോറിയൽ അസോസിയേഷനുള്ള മാച്ചിംഗ് ഗ്രാൻറ് പരമാവധി 50,000 രൂപകണ്ട് വർദ്ധിപ്പിക്കുന്നുണ്ട്. കന്യാകുമാരിയിലെ വിവേകാനന്ദ റോക് മെമ്മോറിയൽ പ്രോജക്ടിന് ഒരു ലക്ഷം രൂപയുടെ ആവർത്തിക്കാത്ത ഗ്രാൻറ് നൽകുന്നതിന് വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തിന് പുറത്തുള്ള ചില മലയാളി സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. അങ്ങനെയുള്ള സംഘടനകൾക്കു ഉദാരമായ സാമ്പത്തിക സഹായം നൽകണമെന്നു ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി രണ്ടു ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ആരോഗ്യം

ആരോഗ്യസേവനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനം മറ്റു സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണ്. ഇതിലേക്ക് 1968–69 ലുള്ള പ്രതിശീർഷ വ്യയമായ 6.82 രൂപാ മിക്കവാറുമുള്ള മറെറല്ലാ സംസ്ഥാനങ്ങളിലേതിനെക്കാളും കൂടുതലാണ്. കഴിഞ്ഞ കാലങ്ങളിൽ പൊതുവായ ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു പുറമെ മെഡിക്കൽ സ്ഥാപനങ്ങളുടെയും, ബെഡ്ഡുകളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. എങ്കിൽത്തന്നെയും, ആരോഗ്യ സേവനത്തിൻെറ നിലവാരം ഉയർത്തുന്നതിന് ഇനിയും വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ഉദാഹരണത്തിന്, രോഗികളെ വേണ്ടത്ര ശ്രദ്ധിക്കുന്നതിന് നേഴ്സുമാരുടെ സംഖ്യ ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. പത്തു കിടക്കയ്ക്കു ഒരു നേഴ്സ് എന്നതാണ് അംഗീകൃതമായ പാറേറൺ എങ്കിലും അത് പ്രയോഗത്തിൽ വരുത്താൻ സാധിച്ചിട്ടില്ല. ദീർഘകാലാടിസ്ഥാനത്തിൽ നേഴ്സുമാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഈ വഴിക്കുള്ള ഒരു പ്രാരംഭ നീക്കമെന്ന നിലയ്ക്കു 1970–71–ലെ ബഡ്ജറ്റിൽ ഒരു ടോക്കൺ സംഖ്യ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മരുന്നു വാങ്ങാനായി വകയിരുത്തിയിട്ടുള്ള 1.7 കോടി രൂപ മുൻകൊല്ലങ്ങളിൽ സാധാരണയായി ചെലവഴിക്കാറുള്ള തുകയെക്കാൾ വളരെ കൂടുതലാണ്. മരുന്നു വാങ്ങുന്നതിനെയും അവ സൂക്ഷിക്കുന്നതിനെയും വിതരണം ചെയ്യുന്നതിനെയും കുറിച്ച് ഗുരുതരമായ പരാതികൾ ഉണ്ടായിട്ടുണ്ട്. ബഡ്ജറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly